LIBRARY ARCHIVES Kerala Legislative Assembly

- വനം വകുപ്പ് ജീവനക്കാർക്ക് കെ.എഫ്.ഡി. വാക്സിൻ നൽകാൻ നടപടികൾ ആരംഭിച്ചു
- രോഗബാധ സാധ്യതകൾ കൂടിയ ആദിവാസി വിഭാഗങ്ങൾക്കായി വാക്സിൻ നൽകാൻ നടപടികൾ തുടങ്ങി.
- കർണ്ണാടകയിലെ വിദഗ്ധരുമായി ഒരു സംയുക്ത കൂടിയാലോചന യോഗം ചേർന്ന് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിച്ചു.
- സംസ്ഥാനതലത്തിലേയും മടപ്പള്ളി ഗവൺമെന്റ് കോളേജ് ജന്തുശാസ്ത്ര വിഭാഗം വിദഗ്ധരുമായി സഹകരിച്ചുകൊണ്ട് കരണ്ടുതിന്നുന്ന പ്രാണികളെ (ചെള്ളുകളെ) രോഗബാധിത പ്രദേശങ്ങളിൽ നിന്ന് കണ്ടെത്തുകയും അവയുടെ നശീകരണത്തിനുള്ള പദ്ധതികൾ നടപ്പാക്കുകയും ചെയ്തു.

വരൾച്ചയും കടിവെള്ള ക്ഷാമവും നേരിടാൻ മുൻ കരുതൽ

9 (*69) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം വരൾച്ചയുടെ പിടിയിലായിക്കൊണ്ടിരിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ വർഷം കാലവർഷം ശരാശരിയിലേറെലഭിച്ചിട്ടും ഇത്തരമൊരു സ്ഥിതിവിശേഷം നേരിടേണ്ടിവരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് വരൾച്ചയും കടിവെള്ളക്ഷാമവും നേരിടാൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി താഴെ പറയുന്ന നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.
2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ.
3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.
4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.
5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ്ലൈനുകൾ നീട്ടുക.
6. തകരാറിലായ പൈപ്പ ലൈനുകൾ മാറ്റുക.
7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചു വിടുകയും ചെയ്യുക.
8. ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കളങ്ങൾ എന്നിവ വൃത്തിയാക്കുകയും കഴൽ കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.
9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ്സമയം ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളം നൽകുക മുതലായവ.

സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്യുന്നതിനും പുതിയ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ നവീകരിക്കുന്നതിനും ഭൂജലവകുപ്പ് ഉദ്ദേശിക്കുന്നു.

വരൾച്ച നേരിടുന്നതിനായി മണൽചാക്കിട്ടു വെള്ളം ഒഴുകിപോകാതെ താൽക്കാലിക തടയണ കെട്ടുക, കളങ്ങൾ മുതലായവയുടെ പുനരുദ്ധാരണം നടത്തുക, കനാലുകളിൽ അടിഞ്ഞിട്ടുള്ള ചെളി നീക്കം ചെയ്യുക, കനാലുകൾ നവീകരിക്കുക, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുക, ഉപ്പുവെള്ളം കയറുന്നത് തടയാൻ താൽക്കാലിക ബണ്ടുകൾ ഇടുക എന്നീ ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക്ഡാം നിർമ്മാണവുമാണ് ജലസേചന വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly